# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 670** 28.02.2017-ൽ **മറുപടിക്ക്**

## കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br><br>ശ്രീ. ടി. വി. ഇബ്രാഹിം: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഉണഭോക്താക്കളെ കണ്ടെത്തുന്നതിനു വിപുലമായ സംവിധാനങ്ങൾ KSEB കൈക്കൊണ്ടിരുന്നു. ഇതനുസരിച്ച് നിലവിൽ 1.27 ലക്ഷം ഉണഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; മാർച്ച് 2017 വരെ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉണഭോക്താക്കളെയും പദ്ധതിയിൽ പരിഗണിക്കുന്നതാണ്. കണ്ടെത്തിയ ഉണഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി വിതരണ ശൃംഖല വിപുലീകരിക്കുന്നതിന്റെയും, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതകണക്ഷനുകൾ നൽകുന്നതിന്റെയും പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു. 23.02.2017ലെ കണക്ക് പ്രകാരം 76,000 ൽ പരം കണക്ഷനുകൾ നൽകിക്കഴിഞ്ഞു. മാർച്ച് 2017ഓട് കൂടി സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | കൊണ്ടോട്ടി മണ്ഡലത്തിലും അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി ഭവനങ്ങളുടെ സമീപത്തേയ്ക്ക് ലൈൻ വലിക്കുന്ന പ്രവർത്തി പൂർത്തീകരണത്തോടടുക്കുന്നു. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകിവരുന്നുണ്ട്. വയറിംഗ് ചെയ്യുവാൻ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവരുടെ വീടുകൾ കെ. എസ്. ഇ. ബി. എൽ ജീവനക്കാരുടേയും, സന്നദ്ധ സംഘടനകളുടെയും സഹായത്തോട്ടു കൂടി വയറിങ്ങ് പൂർത്തീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ഓരോ പഞ്ചായത്ത്/ മുൻസിപ്പാലിറ്റിയിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി നൽകിയ കണക്ഷനുകൾ, നൽകാനുദ്ദേശിക്കുന്ന കണക്ഷനുകൾ എന്നിവ എസ്റ്റിമേറ്റ് സഹിതം വ്യക്തമാക്കുമോ? | (സി) | കൊണ്ടോട്ടി മണ്ഡലത്തിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 947 ഉപഭോക്താക്കൾ കണക്ഷൻ നൽകുന്നതിനുള്ള estimateഉം നിലവിൽ നൽകിയ കണക്ഷനുകളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. മാർച്ച് 2017 വരെ പുതുതായി രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകളും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| സെക്ഷൻ | പഞ്ചായത്ത് | എസ്റ്റിമേറ്റ് തുക | ആകെ കണക്ഷനുകൾ | കണക്ഷൻ നൽകിയവ | കണക്ഷൻ കൊടുക്കാനുള്ളവ |
|---|---|---|---|---|---|
| കൊണ്ടോട്ടി | കൊണ്ടോട്ടി മുൻസിപ്പാലിറ്റി | 2906100 | 300 | 130 | 170 |
| | പുളിക്കൽ | 54738 | 3 | 3 | 0 |
| | മുതുവല്ലൂർ | 289935 | 14 | 5 | 9 |

| സെക്ഷൻ | പഞ്ചായത്ത് | എസ്റ്റിമേറ്റ് തുക | ആകെ കണക്ഷനുകൾ | കണക്ഷൻ നൽകിയവ | കണക്ഷൻ കൊടുക്കാനുള്ളവ |
|---|---|---|---|---|---|
| പുളിക്കൽ | പുളിക്കൽ | 1164663 | 76 | 49 | 27 |
| | ചെറുകാവ് | 531749 | 43 | 37 | 6 |
| | കൊണ്ടോട്ടി | 43290 | 6 | 6 | 0 |
| കാരാട് | ചെറുകാവ് | 233988 | 19 | 13 | 6 |
| | വാഴയൂർ | 666163 | 63 | 37 | 26 |
| | വാഴക്കാട് | 14190 | 2 | 0 | 2 |
| കുന്നുംപുറം | കൊണ്ടോട്ടി മുൻസിപ്പാലിറ്റി | 185392 | 2 | 0 | 2 |
| എടവണ്ണപ്പാറ | മുതുവല്ലൂർ | 456234 | 32 | 14 | 18 |
| | വാഴക്കാട് | 1765678 | 193 | 54 | 139 |
| | ചീക്കോട് | 1992352 | 139 | 33 | 106 |
| കിഴിശ്ശേരി | മുതുവല്ലൂർ | 473338 | 45 | 35 | 10 |
| | ചീക്കോട് | 97580 | 10 | 9 | 1 |
| ആകെ | | **10875390** | 947 | **425** | **522** |

Hemalatha
സെക്ഷൻ ഓഫീസർ